# അക്കാദമിക് മാസ്റ്റർ പ്ലാൻ

## നാലാം ക്ലാസ്

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തന്ത്രങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, പതയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

**2.** വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ട് ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനാശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാക്കുറിപ്പ് - | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

3. കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം- വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത | പഠനോപകരണങ്ങളി | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പഠനോപകരണ ശില്പശാല | ലൂടെ ഗണിത പഠനം രസകരമാക്കൽ. | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | | | | |

**4.** അറിയാം... അടുത്തറിയാം... (പരിസര പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമേള | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | | | | |
| ഭൂപടമാന്ത്രികം | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |

# അക്കാദമിക് മാസ്റ്റർപ്ലാൻ

ക്ലാസ് 3, ജി.വി.എൽ.പി.എസ്

പെരുമ്പാവൂർ

# അക്കാദമിക് മാസ്റ്റർപ്ലാൻ
## ക്ലാസ് 3

### മലയാളം

#### ലക്ഷ്യങ്ങൾ

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി ഇനി കാട്ടിയവ ലക്ഷ്യമാക്കാം;

* ഭാഷാപ്രവർത്തനങ്ങളിൽ പങ്കെടുത്ത് ആശയങ്ങൾ സ്വാംശീകരിക്കാനും അവ വിവിധ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കാം.
* കവിതകളും പാട്ടുകളും ആശയം ഉൾക്കൊണ്ടുകൊണ്ട് താളാത്മകമായി ചൊല്ലി അവതരിപ്പിക്കാം.
* രചനകൾ ഭാവാത്മകമായി വായിക്കാം.
* ആസ്വാദ്യ ഭാഷാരൂപങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല്... തുടങ്ങിയവ) തിരിച്ചറിയാനും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കാനും കഴിയും.
* ലഘുവായ സർഗാത്മക രചനകൾ നടത്താം (കഥ, കവിത, ഡയറി, ചിത്രം)
* കഥകളുടെയും കവിതകളുടെയും മൂകനാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ അവതരിപ്പിക്കാം.
* ലളിതമായ ആശയങ്ങൾ സ്വന്തമായി എഴുതി അവതരിപ്പിക്കാം (വിവരണം, സംഭാഷണം)

ഇതിനായി ഞാൻ നടത്തുന്ന മുന്നൊരുക്കങ്ങൾ

ജൂൺ - ജൂലൈ

1. കാക്കപ്പൂലോക

* നാടൻപാട്ടുകൾ ശേഖരണം (മുത്തശ്ശിമാരിൽ ഉള്ളത്)
* പഴഞ്ചൊല്ലുകൾ ശേഖരണം
* കാവ്യശേഖരം - ക്ലാസ് ലൈബ്രറി നവീകരണം (നാട്ടുകാരുടെ)
* നാടൻ പാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ ശില്പശാല)
* കഥാസമാഹാരം (നാടൻ കഥകളുടെ ശേഖരണം ശില്പശാല)
* കടങ്കഥകൾ ശേഖരണം - കടങ്കഥ പാട്ടുകൾ - കടങ്കഥ പതിപ്പ് - കടങ്കഥ പയറ്റ്
* കലയിലെ കോലം - കലാകാരനെ പരിചയപ്പെടാം - അഭിമുഖ സംഭാഷണം
* കലാരൂപങ്ങളുടെ വേഷവിധാനം - ചിത്ര ശേഖരണം - ആൽബം
* പാവനാടകങ്ങളെ അറിയാം - ശില്പശാല
*

ആഗസ്റ്റ് - സെപ്റ്റംബർ

2. പ്രവർത്തനപ്പട്ടിക

* കാർട്ടൂൺ ബാല്യ ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കിവയ്ക്കൽ
* ക്ലാസ് ലൈബ്രറിയിൽ കാർട്ടൂണുകൾ ഒരുക്കി വയ്ക്കൽ
* നാടക ശില്പശാല
* റോൾപ്ലേ അവതരണങ്ങൾ
* ജന്തുക്കളുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം.
* പലഹാരങ്ങളെ , പാചകക്കുറിപ്പ് തയ്യാറാക്കൽ
* കടങ്കഥ മാതൃകകൾ
* പഞ്ചായത്ത് അംഗങ്ങളുമായി അഭിമുഖം
* സ്കൂൾ പത്രം
*
*

സിപിടിഎ, ഒന്നാം മൂല്യനിർണയം

* നാടോടിക്കഥകളുടെ ശേഖരണം
* നാടൻ പാട്ടുകളുടെ ശേഖരണം
* പാവനാടകം അവതരണം

ഒക്ടോബർ

3. ഉണ്ണിക്കുട്ടന്റെ കൈകൾ

* കുട്ടികളിലെ സന്ദർശനം
* കുട്ടിപ്പാട്ടുകൾ - കുട്ടിക്കഥകൾ
  ശേഖരണം
* കാർട്ടൂണുകൾ കാർട്ടൂണിസ്റ്റുകളെ കുറി
  ച്ചുള്ള ശേഖരവും വിവരണം, ചിത്രം
* നാടൻപാട്ട് ശില്പശാല
*
*

## ഗണിതം

അനുഭവിച്ച് പഠിക്കാൻ കഴിയുന്നത് പ്രത്യക്ഷത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. ഒറ്റ അക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം മനസ്സിലാക്കിയിട്ടുണ്ട്.

2000 വരെയുള്ള സംഖ്യകൾ ഉള്ള വായിക്കുക എഴുതുക എന്നീ ശേഷികൾ കുട്ടികൾ നിത്യ ജീവിതത്തിന്റെ ഭാഗമായ നോട്ടുകളും നാണയങ്ങളും ഉപയോഗിച്ചു വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ നന്നായി ഉപയോഗപ്പെടുത്തുന്നതിന് മൂന്നാം class ലെ ഗണിതപാഠം ഏറെ സഹായകമാണ്.

### ജൂൺ - ജൂലൈ

യൂണിറ്റ് 1 - ആകാരങ്ങൾ വരയ്ക്കാം

* ജ്യാമിതീയ ആകാരങ്ങൾ തിരിച്ചറിയൽ ചതുരം, വട്ടം, ത്രികോണം എന്നീ ആകാരങ്ങൾ തിരിച്ചറിയുന്നതിന് വേർപെടുത്തുന്നതിന് ഉതകുന്ന നിർമാണം ഷീറ്റ് നിർമ്മാണം (ഷീറ്റ് A4) വെളിയിൽ പ്രിന്റിംഗ്
* ചതുരം, വട്ടം, ത്രികോണം എന്നീ ആകാരങ്ങൾ ചേർത്തുവച്ച് ഇഷ്ടമുള്ള ആകാരങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു.

## ജൂലൈ, ആഗസ്റ്റ്

താഴെ കാട്ടിയവ കണ്ടെത്തി ഗണിത ലാബിലേക്കുള്ളവ നിർമ്മിക്കേണ്ടത്.

* 1 മുതൽ 100 വരെ എഴുതിയ ടേബിൾ
* കളിനോട്ടുകൾ
* ഓരോ നോട്ടുകളും 10 എണ്ണം വീതം
* കമ്പ് കെട്ടുകൾ
* സംഖ്യ, സ്ട്രിപ്പുകൾ
* അബാക്കസ് നിർമ്മാണം

## ആഗസ്റ്റ്, സെപ്റ്റംബർ

ജ്യാമിതിക രൂപങ്ങളുടെ നിർമ്മാണം

## ഒക്ടോബർ

സ്കെയിൽ നിർമ്മാണം

കുട്ടികളുടെ ഉയരം, തൂക്കം, വണ്ണം കുറിപ്പ്

## നവംബർ, ഡിസംബർ

ഗുണന വസ്തുത കാർഡ് നിർമ്മാണം.

# പരിണാമ പഠനം

## ലക്ഷ്യം :-

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കൽ
* ശാസ്ത്ര വികാസങ്ങളിൽ അഭിരുചിയും താത്പര്യം വളർത്തുക.

## ജ്ഞാന - ലക്ഷ്യങ്ങൾ

* ഭൂമുഖത്തുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കാം.
* വിവിധ ജീവന സിദ്ധാന്തങ്ങൾ അടുത്തറിയാം
* ജീവികളുടെ പരസ്പര ആശ്രയത്വം
* ഭൂമിയിലെ ജീവികളാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കൽ ബോധവൽക്കരണത്തിന്റെ ഉദ്ദേശം
* പഠ്യ തെറ്റും ശരിയും

## ഖര - മാലിന്യം

* പ്ലാസ്റ്റിക് ഉപയോഗം കുറക്കാം
* സ്കൂൾ പ്ലാസ്റ്റിക് വിമുക്തമാക്കണം
* വീട്ടിൽ പ്ലാസ്റ്റിക് നിരോധിക്കണം

## വായു

* ഒരു തൈ നടാം
* പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നട്ടു
* നട്ട വൃക്ഷത്തൈകൾ പരിപാലിക്കണം
* പ്ലാസ്റ്റിക് നിർമാണം
* പ്രകൃതി സൗഹൃദ പ്ലാസ്റ്റിക് ഉപയോഗിക്കൽ
* പരിസരങ്ങളിൽ പതിക്കൽ

## മാലിന്യം - ശബ്ദ

* വാഹന ഉപയോഗം
* പ്ലാസ്റ്റിക്കുകളിൽ ഭക്ഷണസാധനങ്ങൾ കൊണ്ടുപോകാം
ഒഴിവാക്കണം

# English

**Aim :**

To speak, Read and write English without any mistakes.

**Time June to march**

**Pretest**

To check the vocabulary and writing skills of pupils.

**June - July**

* To develop listening skills and reading skills

Listening Skills

1. Games, Action Songs Hello english activites
2. Conversations, Skit, Stories use ICT.

Speaking Skills

* ~~Identing~~ Identify the naming words From the pictures

* Identify the action words from the Same pictures
* Make Simple Sentences using the action word and naming words about the picture.
* Make symbol description about the pictures.
* Crowning Sentences picture reading Self introduction Assembly are also Conducted.

Activities

* Speech book review, quis riddles, Self introduction, School radio etc.

## August - September

Develop the creative Speaking and writing.

Reading Skills

* News paper reading, library books reading, ~~book~~ reading breaking news.

* Find words
* Collect and read past tense
* rhyming words
* describing words etc
* Text book activities,

Writing Skills

* Make word web
* picture description with describing words
* Make words and sentence
* make riddles.
* Add more lines.

*Signature*

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ് : 2

1. വിദ്യാലയത്തിന്റെ പേര് - ഗവ. L.P.S BP.BR.
   ക്ലാസധ്യാപികയുടെ പേര് - Sheri Peli
   കുട്ടികളുടെ എണ്ണം - 16

## പ്രവർത്തന ലക്ഷ്യങ്ങൾ

1. എല്ലാ കുട്ടികളും തെറ്റില്ലാത്ത രീതിയിൽ ചെറുവാക്യങ്ങൾ എഴുതാൻ കഴിവ് നേടുന്നു.
2. എല്ലാ കുട്ടികളും ചെറുവാക്യങ്ങൾ ഉൾപ്പെട്ട രചനകൾ വായിക്കാൻ കഴിവ് നേടുന്നു
3. എല്ലാ കുട്ടികളും രക്ഷിതാവിന്റെ പിന്തുണയോടെ സ്വന്തം ഡയറി എഴുതുന്നു
4. രക്ഷിതാക്കളുടെ പിന്തുണയും പങ്കാളിത്തവും ഉറപ്പാക്കുന്നതിനുള്ള വിവിധ വികസിപ്പിക്കുന്നു
5. ആഘോഷദിനങ്ങളും സമൂഹവുമായി ബന്ധപ്പെട്ട നേട്ടങ്ങൾ കുട്ടികൾക്ക് ഉറപ്പാക്കുന്നു.

(6) സംഖ്യാബന്ധങ്ങൾ, സംഖ്യാവ്യാഖ്യാനം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു.

(7) സചിത്രനോട്ട്ബുക്കിൽ സഹായത്തെ ഇംഗ്ലീഷ് ഭാഷാ ശൈലികൾ ആർജ്ജിക്കുന്നു.

ഈ വർഷം നടത്തേണ്ട പ്രവർത്തനങ്ങൾ -

(1) പഠനോപകരണ ശില്പശാല.

(2) ക്ലാസ് പി.ടി.എ.കൾ (ഓരോ ഭാഗങ്ങൾ ഉള്ളടക്കങ്ങളിൽ ഊന്നൽ

(3) S.R.G. യോഗത്തിലെ ക്ലാസ് നടത്തിപ്പ് റിപ്പോർട്ട് അവതരണം.

(4) കുട്ടികളുടെ പ്രകടനങ്ങളും പഠനതെളിവുകളും ഡോക്യുമെന്റ് ചെയ്യലും പങ്കിടലും.

(5) ഓരോ കുട്ടിയുടെയും പഠനപുരോഗതി വിലയിരുത്തലും തുടർപ്രവർത്തനാസൂത്രണവും

(6) സചിത്ര നോട്ട്ബുക്ക്, സചിത്ര ആസ്വാദനക്കുറിപ്പ് എന്നിവ തയ്യാറാക്കൽ

(7) സചിത്രഡയറി, സംയുക്തഡയറി എന്ന

ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ.

(8) പോക്സോ സംബന്ധമായ ബോധന ക്ലാസുകൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും

(9) പൊതു പരിസരത്തെ അലങ്കരിക്കുന്ന വർണ്ണ തരു ചെടികളെ പോൽ തന്നെ.

(10) വായനോത്സവം, പഠനോത്സവം.

## ഉള്ളടക്കം

1. ആമുഖം.
2. പ്രവർത്തനങ്ങൾ
3. മലയാളം മധുരം
4. സംയുക്ത ഡയറി.
5. പാട്ടരങ്ങ്
6. ചിത്ര പുസ്തകം.
7. ദിനാഘോഷങ്ങൾ.
8. സചിത്ര ഡയറി.
9. ക്ലാസ് പത്രം.
10. പഠനോത്സവം.

(11) ദേശാഭിമാനം.

(12) വർണ്ണികാപൂരണം

(13) ഉദ്ധരണചിഹ്നങ്ങൾ

(14) ഒന്നാം പാദം സമസ്യാപൂരണം

## വിദ്യാലയത്തിൽ മാതൃഭാഷ പഠിപ്പിക്കുന്ന

ഭാഷകളെ വികസനത്തിനും അതിനുവേണ്ടി മാതൃഭാഷ നടപ്പാക്കുന്നതിലൂടെ സമസ്ത മേഖലകളിലെ മുഴുവൻ കുട്ടികളും. വാക്കുകൾ ഉപയോഗിച്ച് സ്വന്തമാക്കിയ ബാല സാഹിത്യ കൃതികൾ തെറ്റില്ലാതെ എഴുതുവാനും വായിക്കാനും അവരവരെല്ലാം. അക്ഷരങ്ങളും ഭാഷയിൽ തെറ്റില്ലാതെ ഉച്ചാരണത്തിനും കഴിവ് നേടുന്നു.

# പ്രവർത്തന കലണ്ടർ

1

| No. | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | മെയ് |
| 2. | മലയാള മധുരം | ജൂൺ-മാർച്ച് |
| 3. | സംയുക്ത ഡയറി | ജൂൺ-മാർച്ച് |
| 4. | പാഠരംഗ് | ജൂൺ-മാർച്ച് |
| 5. | ചിത്ര പുസ്തകം | ജൂൺ-മാർച്ച് |
| 6 | നിറവർഷ് തിളക്കം | ജൂലൈ-മാർച്ച് |
| 7. | നാട്ടുവിശേഷം കിളിക്കൂട്ടം | ജൂലൈ-മാർച്ച് |
| 8. | ക്ലാസ് പത്രം | ഓഗസ്റ്റ് മുതൽ |
| 9. | രചനോത്സവം | ജൂലൈ നവംബർ |
| 10. | ഭാഷോത്സവം | ജനുവരി |
| 11. | ഗണിതകിറ്റ്, ഗണിതമൂല | ജൂൺ |
| 12. | ഗണിതം ചിത്രങ്ങളിലൂടെ | ജൂൺ-മാർച്ച് |
| 13. | Hello English Adaptation | ജൂൺ-മാർച്ച് |
| 14. | ക്രിസ്മസ് [illegible] | ഡിസംബർ |

## മലയാള മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനയ്ക്ക് ഉറപ്പു വരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കുഞ്ഞുമക്കൾ ആസ്വദിച്ച് വായിക്കുന്നതിനും തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പങ്കുവയ്ക്കുന്നതിനും ഉള്ള അവസരം ഒരുക്കി.

### പ്രവർത്തന ലക്ഷ്യങ്ങൾ

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരമൊരുക്കുന്നു.

സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു

ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു.

ഭാവാത്മക വായനയിലേയ്ക്ക് കുട്ടികളെ നയിക്കുന്നു.

കുഞ്ഞു ചിത്രകഥാപുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം S. R. ജിയിൽ അവലോകനം ചെയ്യുന്നു.

തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
CPTAയിൽ അവലോകനവും തുടർപ്രവർത്തനങ്ങളുടെ വിശദീകരണവും (ഉദാ)
കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു
തുടർന്നുള്ള മാസങ്ങളിൽ മാതൃഭാഷാവായന, ചിത്രവായന, വായനാ ചർച്ചകൾ എന്നിവ സംഘടിപ്പിക്കുന്നു.
രചനോത്സവത്തിൽ കുട്ടികൾ സ്വന്തം രചനകൾ നടത്തുന്നു.
കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകരൂപത്തിലേക്ക് മാറ്റുന്നു. പുസ്തകപ്രകാശനം നടത്തുന്നു.

## സംയുക്ത ഡയറി

അധ്യാപികയുടെ സഹായത്തോടെ ദൈനംദിന അനുഭവങ്ങളെ ആസ്വാദ്യമാം വണ്ണം ഉൾക്കൊണ്ട് എഴുതുന്നതിന് സംയുക്ത ഡയറിയിലൂടെ കുട്ടിക്ക് കഴിയുന്നു. ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികാസം സാധ്യമാകുന്നതിന് ഡയറി എഴുത്തിന് കഴിയുന്നു. ചിഹ്നങ്ങൾ സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള

ശേഷി നേടുന്നു. സ്വന്തം ആശയങ്ങൾ പരിപോഷിപ്പിക്കുന്നതിന് സാധിക്കുന്നു. ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ ഡിജി ഡയറികൾ അവതരിപ്പിക്കുന്നു. ക്ലാസ് P.T.A യിൽ ഡയറി എഴുത്തിന്റെ ഘടനയെ പരിചയപ്പെടുത്തുന്നു. രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു. എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തൽ മുതൽ ആരംഭിക്കുന്നു. ഡിജിറ്റൽ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു. കുട്ടികളുടെ ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കുവയ്ക്കുന്നു. സചിത്ര ഡയറി പുസ്തക രൂപത്തിലേക്ക് മാറ്റുന്നു.

## വിലയിരുത്തൽ

ലക്ഷ്യപൂർത്തീകരണത്തിന് ഉചിതമായ പ്രവർത്തനപദ്ധതികൾ സംയുക്ത ഡയറിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. എല്ലാ രക്ഷിതാക്കളുടെയും പിന്തുണയും സഹായവും ഉറപ്പുവരുത്തിയിട്ടുണ്ട്. സർഗാത്മകശേഷി വികാസത്തിലൂടെ കവിതകൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

മഹോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പൊതു സമൂഹമാകും രക്ഷിതാക്കളുമായും പങ്കുവച്ചിട്ടുണ്ട്. ഇതുവരെ കുട്ടികളുടെയും സർഗാത്മക ഡയറികൾ പുസ്തക രൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്.

## പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കുട്ടിയിൽ താളബോധം രൂപപ്പെടുന്നതിലൂടെ വായന ലേഖനം എന്നിവ എളുപ്പമാകുന്നു. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് എളുപ്പത്തിൽ കഴിയുന്നു.

## ചിത്രപ്പെട്ടുവനകൾ

താളം മനസിലാക്കി പാഠഭാഗത്തിലുള്ള മറ്റ് സമാനകവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു. കുട്ടികളവ വായിച്ച് ആസ്വദിക്കുകയും ഒരുമിച്ചും സംഘമായും ആവിഷ്കരിക്കുകയും ചെയ്യുന്നു. ഈണം, താളം, ഭാവം, ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു. ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

### പാഠങ്ങളിന്റെ ലക്ഷ്യങ്ങൾ

പ്രവർത്തനക്രമം എന്നിവ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു. തുടർ പാഠങ്ങളുടെ ഭാഗമായി പാഠങ്ങൾ അവതരിപ്പിക്കുന്ന (പാഠവതരണവും ആവിഷ്കാരവും) വീഡിയോ ഡോക്യുമെന്റ് തയ്യാറാക്കൽ, പാഠങ്ങളിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

പാഠഭാഗങ്ങളിൽ സാഹിത്യകൂട്ട ഭാഗങ്ങൾ കണ്ടെത്തി പാഠങ്ങൾ പ്രവർത്തന പരിപാടി തയ്യാറാക്കുകയും ക്ലാസ്മുറിയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കുട്ടികളുടെ അവതരണങ്ങൾ വീഡിയോ ഡോക്യുമെന്റ് ചെയ്ത് രക്ഷിതാക്കളുമായും പൊതു സമൂഹവും സമൂഹവുമായും പങ്കുവെച്ചിട്ടുണ്ട്. പാഠങ്ങളിന്റെ, ഭാഗമായി തയ്യാറാക്കിയ കവിതകളുടെ വായനാകാർഡുകളാക്കി മാറ്റിയിട്ടുണ്ട്.

### സചിത്ര പുസ്തകം

2023-24 വർഷത്തിൽ രണ്ടാം ക്ലാസിലെ ഉ കുഞ്ഞിയുടുപ്പും സചിത്ര പാഠപുസ്തകത്തിലാക്കിയാണ് കുട്ടികൾക്ക് മുന്നിൽ അവതരിപ്പിച്ചത്. ഒട്ടേറെ പ്രവർത്തനങ്ങളിൽ കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കാൻ ഇത് സഹായകമായിട്ടുണ്ട്. പ്രവർത്തന നടത്തിപ്പിൽ അധ്യാപികയും

അധ്യാപികയും വിദ്യാലയവും നേരിട്ട പ്രയാസങ്ങളെ മറികടന്ന് പുതുമകൾ സൃഷ്ടിക്കാൻ നമുക്ക് കഴിയണം. പുതിയ അക്കാദമിക വർഷത്തിൽ എല്ലാ കുട്ടികളെയും ഒരു കുടക്കീഴ് സചിത്ര പാഠപ്രവർത്തനങ്ങൾ ക്ലാസ് റൂമിൽ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്.

## ഉല്പന്നങ്ങൾ

ഒന്നാം ക്ലാസിലെ കുട്ടികൾക്ക് പാഠഭാഗം സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു. എല്ലാ കുട്ടികളും സചിത്ര പുസ്തകം വർക്ക് ഷീറ്റുകൾ ഉല്പന്നമാകുന്നു. കുട്ടികൾ സ്വന്തം പുസ്തകവും വായനക്കാരുമായി മാറുന്നു.

## റിപ്പോർട്ട് തയ്യാർ

ലഘു വിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണം തുടങ്ങിയ ഭാഗങ്ങളുമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കഴിയുന്നവരാകണം. ഒന്നാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയും അവർക്ക് മുന്നിൽ വൈവിധ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാധികാരമുണ്ടാക്കാൻ അധ്യാപികയ്ക്ക്

വിദ്യാലയത്തിനും കഴിയണം. നല്ല വായനക്കാർ ഉണ്ടാകുന്നതിലൂടെ ഭാവിയെ വായനക്കും (എഴു)ത്ത് പഠനത്തിനും ഉതകുന്ന സാധ്യതകളുള്ള ഒരു സമൂഹമാണ് നിലവിൽ വരിക.

## ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും നിരവധി തുടർ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

## നാട്ടുവിശേഷം കൈയെഴുത്ത്

ഭാഷാപഠനം പരിസരപഠനവുമായി ബന്ധപ്പെടുത്തി സാധ്യമാകുന്ന ഒരു പ്രവർത്തന പദ്ധതിയാണ് ദിനാക്കുറി കൈയെഴുത്ത്. പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാതെ ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് കഴിയുന്നു. പ്രക്രിയാശേഷികളുടെ വികാസം ശാസ്ത്രത്തിൽ ഈ പ്രവർത്തനം ഉറപ്പുവരുത്തുന്ന സംഘാടനമാണ്.

## ലക്ഷ്യങ്ങൾ

പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൾ ഒരുക്കുന്നു.

## ഭാഷോത്സവം

രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളെയും സ്വതന്ത്ര വായനക്കാരും എഴുത്തുകാരുമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. കുട്ടികളുടെ മികവുകൾ സമൂഹത്തിന് മുന്നിൽ ബോധ്യമാകാൻ ഭാഷോത്സവത്തിലൂടെ കഴിയും. ആശയ വിനിമയത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

### ലക്ഷ്യങ്ങൾ

ആശയവിനിമയത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു. കുട്ടികളുടെ സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു. ആശയ പൂർണ്ണതയോടെ അർത്ഥവത്തായ രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

ഭാഷോത്സവം S.R.G. യിൽ ആസൂത്രണം ചെയ്യുന്നു. പോസ്റ്ററുകൾ, ബാല സാഹിത്യകൃതികളും ശേഖരണം ഉറപ്പാക്കുന്നു.

പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു. നിരീക്ഷണം മുതൽ പരീക്ഷണം വരെയുള്ള പ്രക്രിയകളിലൂടെ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു. എല്ലാവർ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു.

## ക്ലാസ് പത്രം

എന്റെ ക്ലാസിലെ ഭാഷാപഠന മികവിന്റെ ഒരു പഠന ഉൽപ്പന്നമാണ് ക്ലാസ് പത്രം. ഓരോ കുട്ടിക്കും തങ്ങൾ കണ്ടതോ കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും എഴുതാനും പ്രാപ്തമാക്കുന്നതിൽ ക്ലാസ് പത്രം സഹായിക്കുന്നു.

## നേട്ടങ്ങൾ

രചനാ ശേഷി പരിപോഷിപ്പിക്കുന്നു.
സ്കൂളിലെ ദൈനംദിന സംഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവ് നേടുന്നു. കണ്ടതോ കേട്ടതുമായ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു. പരസ്പരം ചിന്തയെ ഉറപ്പുവരുത്താൻ കൂട്ടെഴുത്തിലൂടെ സാധിക്കുന്നു.

# അക്കാദമിക് പ്ലാൻ - അറബിക്

| Sl.No | കാര്യക്രമം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | അറബിക് മധുരം<br>അറബി ഭാഷയിൽ കുട്ടികളെ പരിപോഷിപ്പിക്കാനുള്ള പ്രത്യേക പരിപാടികൾ | എഴുത്ത്, വായന<br>ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം നേരിടുന്ന കുട്ടികൾക്ക് കമ്പ്യൂട്ടറിലെ പെയിന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുന്നു. | Books<br>2 മാസം<br>കമ്പ്യൂട്ടർ | Books<br>കമ്പ്യൂട്ടർ | BRC<br>പൂർവ വിദ്യാർത്ഥികൾ |
| 2 | വായനാലോകം<br>ലക്ഷ്യം:<br>കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | തിരഞ്ഞെടുത്ത ലളിതമായ അറബി റീഡിംഗ് കാർഡുകൾ നൽകുന്നു.<br>ഓരോ കുട്ടിക്കും ഓരോ പേജ് വായിക്കുന്നു.<br>വായിച്ച കാർഡുകൾ രേഖപ്പെടുത്തുന്നു.<br>കൂടുതൽ വായിച്ച കുട്ടിക്ക് സമ്മാനം നൽകുന്നു. | | Books<br>ലൈബ്രറി | അറബി അധ്യാപകർ<br>ഭാഷാ സ്നേഹികൾ<br>സർക്കാർ ഫണ്ട്. |
| 3 | ആസ്വാദന ലോകം | പാടാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി ക്ലാസിൽ അവസരം നൽകി മറ്റു കുട്ടികൾക്ക് ആസ്വദിക്കാൻ അവസരം നൽകുന്നു.<br>കമ്പ്യൂട്ടറിൽ കഥകൾ പാട്ടുകൾ വെച്ച് കൊടുത്ത് കുട്ടികൾക്ക് ആസ്വദിക്കാനുള്ള അവസരം നൽകുക.<br>ഗുണപാഠ കഥകൾ, ധാർമിക കഥകൾ...... | 6 മാസം | [illegible]<br>എൽ.സി.ഡി<br>കമ്പ്യൂട്ടർ | |

| | | | | |
|---|---|---|---|---|
| | | വിവിധ അറബിക് കലാ അവതരണം<br>അറബിക് എക്സിബിഷൻ<br>(അറബി ഭാഷാ ചരിത്രം, ലോക സാഹിത്യ അറബിക് കാലിഗ്രാഫി) | | |
| 8 | സ്കൂൾ വാർഷികം | അറബി നാടകം, ചിത്രീകരണം, ഒപ്പനപ്പാട്ട് തുടങ്ങിയവ അവതരണം | സ്കൂൾ | പഠിതാക്കൾ |
| 9 | നല്ലെഴുത്ത്<br>കുട്ടികളുടെ<br>കയ്യെഴുത്ത്<br>മെച്ചപ്പെടുത്തൽ | അറബി ഭാഷയുടെ തനതായ സൗന്ദര്യം എഴുത്ത് (നസ്ഖ്, റുഖ്അ) എഴുത്തുകാരാണം.<br>ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക്ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ<br>ചുമർ പത്രിക തയ്യാറാക്കൽ<br>വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക. | 1 വർഷം | പുസ്തകങ്ങൾ. |
| 10 | ഡിജിറ്റൽ ലോകം<br>അറബിക് കീ<br>ബോർഡ് പഠിക്കൽ | ഈ കാലഘട്ടത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനം അനിവാര്യമായതിനാൽ ചെറുപ്രായത്തിൽ നിന്ന് തന്നെ കുട്ടികൾ കീ ബോർഡ് പരിചയപ്പെടുകയും ചെറിയ വാക്കുകൾ ടൈപ്പ് ചെയ്യാൻ കഴിവ് നേടുകയും വേണം. | | കമ്പ്യൂട്ടർ |

| | | | | |
|---|---|---|---|---|
| 11 | എഴുത്തിന്റെ ലോകം | ക്ലാസ് മാസിക നിർമ്മാണം<br>ചുമർ പത്രിക നിർമ്മാണം<br>വായനാ കാർഡ് നിർമ്മാണം | ചാർട്ട്<br>പേന | |
| 12 | അക്ഷരങ്ങളുടെ ലോകം | 1- ക്വിസ്<br>2- പദ നിർമ്മാണം<br>3- കഥ പറയൽ<br>4- കളറിംഗ്<br>5- മെമ്മറിടെസ്റ്റ്<br>6- വായന | | |
| 13 | ദിനാചരണങ്ങൾ | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ അദ്ധ്യാപകന്റെ സഹായത്തോടെ കുട്ടികൾ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു. | 1 വർഷം | |

# Academic master plan

## STD I

## English

The goal the first grader is to handle English fluently. The first grader must go from small words to big words. They must to able to read write and and speak English. Every child should be able to speak English fluently, like Malayalam. we have to keep the language English close to our heart

The academic master plan is designed to ensure that not a single child goes illiterate.

objectives and learning outcomes.

- Respond to simple instructions in the classroom
- Describe orally about the pictures and objects
- Familiarise with simple words.
- Enjoy songs and sings them with Rhythm and action
- Familiarise the names of birds, animals their young ones and identifies them from pictures.

June

- Introduce symbol words
- provides picture cards.

July

- Identify familiar words
- Say familiar words
- Read familiar words
- write familiar words

## August

* Enjoy songs and sings them with Rhythm and action
* Describes orally about pictures and objects using adjectives

## September

* Read and write simple words and simple sentences
* Provides picture cards and reading cards

## october

* Introduce symbol picture descriptions
* make word chain, Sentence chain
* make riddles
* Describing words rhyming words
* Text book activities

## November

* Prepare reading cards
* Provide more opportunities to read aright and speak English
* writes five English words daily

## December

- Read and understand simple instructions in the classroom
- Encourge digital reading.

## January

- Enjoy songs and sings them with Rhythm and action.
- make picture albums
- Collect pictures of animals and its young ones

## February

- provide the opportunity to express myself in the classroom.
- English assembly once in a week

## March

- Speaks English fluently
- Read and write simple Sentences
- Picture reading and picture description

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് 1
ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്ത താണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം ചിന്തകളിലേക്ക് മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ട താണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്. പലതരത്തിൽ ഗണിതാശയങ്ങൾ നേടിയെടുക്കാൻ സാധ്യമാകുന്ന തരത്തിൽ തന്നെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ അവതരിപ്പിക്കുന്നത്.

# ലക്ഷ്യങ്ങൾ

1. ഒന്നു മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.
- 5 വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- Five അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് ഒന്ന് കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒറ്റയക്ക സംഖ്യകളുടെ സങ്കലനം
- രണ്ട് ഒറ്റയക്ക സംഖ്യകളുടെ വ്യവകലനം
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒറ്റയക്ക സംഖ്യ പാറ്റേൺ രൂപീകരിക്കൽ
- ഒറ്റയക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്നു
- സംഖ്യാകാർഡ് നിർമ്മിക്കൽ

## ജൂലൈ

- ഗണിത പഠനത്തിന് സഹായകരമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
- കൂടുതൽ, കുറവ് തിരിച്ചറിയൽ
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

## സെപ്റ്റംബർ

- സംഖ്യാഗാനങ്ങൾ ആസ്വദിക്കൽ
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ (5+3=8)
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകളിൽ ഏർപ്പെടൽ (5-3=2)

- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത ക്രിയകളിൽ ഏർപ്പെടൽ
- ഒന്നിനോട് ഒന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ് സംഖ്യാഗാനം ആലപിക്കൽ

1+1 = 2
2+1 = 3

ഒക്ടോബർ

- ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകൾ ഒറ്റ സംഖ്യ, ഇരട്ട സംഖ്യ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ

1 2 3 4 5 6 7 8 9 10

- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു
- ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യമാക്കൽ worksheet കൾ നൽകൽ
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിൽ സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

10+1 = 11
10+2 = 12
10+3 = 13

## ഡിസംബർ

സംഖ്യകൾ അവരോഹണ, ആരോഹണ ക്രമത്തിൽ എഴുതൽ

ഗണിത ആൽബം തയ്യാറാക്കൽ

My number book തയ്യാറാക്കൽ

സംഖ്യകളെ സുന്ദരിയാക്കൽ work sheet

പ്രവർത്തനങ്ങൾ

12345

## ജനുവരി

ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ

10 - 1 = 9
10 - 2 = 8
10 - 3 = 7
10 - 4 = 6
10 - 5 = 5

സങ്കലനം വ്യവകലനം (+ -) ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു.

സംഖ്യാ വ്യാഖ്യാനത്തിലേക്ക് കടക്കുന്നു

(1- 10) വരെയുള്ള സംഖ്യകൾ

3+2, 4+1 — 5 — 2+3, 1+4, 5+0

## ഫെബ്രുവരി

* ഗണിതം - ആൽബം CPTA യിൽ പ്രദർശനം
* ഗണിത മഞ്ചാടി, സംഖ്യാസൂര്യൻ ആൽബം തയ്യാറാക്കൽ പ്രദർശനം
* സംഖ്യാഗാന ആൽബം തയ്യാറാക്കൽ പ്രദർശനം
* വില വിവരപ്പട്ടിക പ്രശ്നവിശകലന ക്രിയകളിൽ ഏർപ്പെടൽ
* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## മാർച്ച്

* ഗണിതാശയങ്ങൾ ഉൾപ്പെടുത്തി വിവിധ തരം worksheet കൾ നൽകൽ
* ലളിതമായ ഗണിത ക്രിയകളിൽ ഏർപ്പെടൽ
* ഉല്ലാസ ഗണിതം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു, Materils ഉപയോഗിച്ച് ഗണിത കേളികളിൽ ഏർപ്പെടൽ, ICT സാധ്യതയിൽ ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ പരിചയപ്പെടാൻ അവസരം ഒരുക്കൽ
* ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു
* സംഖ്യകളുടെ പകുതി തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിതകിറ്റിലൂടെ സാധ്യമാക്കൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്
## മലയാളം

### ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സാമൂഹ്യ ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായി ട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ അവശ്യമു

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്
## മലയാളം.

### ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികാസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സാമൂഹ്യ ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ ആവശ്യമു

ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.
അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ
വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം
സ്വായത്തമാക്കണം എന്നത് മുൻകൂട്ടി
ഓരോ മാസവും വിവിധ പ്രവർത്തനഘട്ട
ത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപി
കയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ
പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക
മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ
അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ്
അധ്യാപകർ മറ്റ് സഹായികൾ എന്നിവരെ
ഉൾപ്പെടുത്തിക്കൊണ്ട് ജൂൺ മുതൽ മാർച്ച് വരെ
യുള്ള കാലയളവിൽ നടപ്പിലാക്കുന്നതും
തുടർ പ്രവർത്തന സാധ്യതകളുമായ
വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത
ഒരുക്കി കൊണ്ടാണ് അക്കാദമിക
മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

* ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളെയും ലളിതമായ ബാല സാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
* എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
* രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
* ലളിതമായ വായനാകാർഡുകൾ നിർമ്മിക്കുന്നു. വായിക്കുന്നു.
* കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘു രചന ശില്പശാല നടത്തുന്നു

വായന കേളികൾ

- തീയറ്റർ സാധ്യതകൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു
- കുട്ടികൾ തങ്ങളുടെ അനുഭവങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപത്തിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, വീഡിയോസ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.
- സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായ

ത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർ
പ്പെട്ടുകൊണ്ട് സചിത്ര പുസ്തകം തയ്യാറാക്കുന്നു.

- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായ
ത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട് ബുക്ക് സചിത്ര ആസൂത്രണം അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ
- സചിത്ര ഡയറി, സംയുക്ത ഡയറി എന്നിവയും രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.
- അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല
- താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ

ജൂലൈ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
- വായനാമൂല ക്ലാസ് ലൈബ്രറി ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം

എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.

- വലിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

- വിദ്യാഭ്യാസ തിയേറ്റർ നിർമ്മാണ ശില്പശാല, പാടത്ത് മലയാളം മധുരം പ്രവർത്തനങ്ങൾ
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്രവായനാ കാർഡുകൾ എന്നിവ തയ്യാറാക്കുന്നു. അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാരരൂപങ്ങളിൽ ഏർപ്പെടുന്നു.

## സെപ്റ്റംബർ

- സംയുക്ത ഡയറി രൂപപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം നൽകി ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി രൂപപ്പെടുത്തുന്നു.
- അനുഭവാധിഷ്ഠിതമായ ഭാഷാപഠനം സാധ്യമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരമൊരുക്കുന്നു
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

## ഒക്ടോബർ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.
- ഭാഷാ പ്രവർത്തനങ്ങൾ സർഗാത്മകവും സക്രിയവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

## നവംബർ

* സംയുക്ത ഡയറിയിൽ കുട്ടികളെയും കൂടതെ
ലാക്കുന്നു
* ചിത്രവായന നടത്തുന്നു
* ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതി
കൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹാ
യിച്ച് കൂട്ടവായന നടത്തുന്നു
* ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായ
നക്കാരാക്കുന്നു.
* നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട്
ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കു
ന്നു. ചിത്രം വരയ്ക്കുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ
തലക്കെട്ട് എഴുതുന്നു.
* ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

* ഭാഷാപ്രവർത്തനങ്ങൾ വൈവിധ്യമാർന്നതും കൗതുക
കരവുമായി അവതരിപ്പിക്കും
* രചനാശേഷി പരിപോഷിപ്പിക്കാൻ
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത
ഭാഷയിൽ എഴുതുന്നു.

- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ അതേപടി ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് അവയെ ഊർജ്ജതയോടെ എഴുതാൻ കഴിവ് നേടി രചനാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം ചിന്തകളെ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തിയേറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറു കവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട് ഫോളിയോയിൽ സൂക്ഷിക്കുന്നു.

* കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു.
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
* കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
* മികവുകൾ സമൂഹത്തിനു മുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

* ഭാഷോത്സവം, രചനോത്സവം എന്നീ ഭാഷാ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു
* കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു
* ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു.
* ആശയപൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
* ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
* വ്യക്തമായി രചനകൾ നടത്തി

മാർച്ച്

* കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തക രൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
* വീട്ടുവായന, കൂട്ടവായന, നാട്ടുവായന, അമ്മവായന ചങ്ങലവായന, സ്വന്തം വായന ഇവയ്ക്ക് പ്രോത്സാഹനം

ഒരുങ്ങുന്നു.

ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

- കുട്ടികൾ സ്വന്തം രചയിതാക്കളായി മാറിയിട്ടുണ്ട്
- കുട്ടികളുടെ മികച്ച സ്വതന്ത്ര രചനകളെ വായന കാർഡുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാ പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചിട്ടുണ്ട്.
- കുട്ടികളുടെ രചനകൾ ചേർത്ത് കൈയെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു
- സംയുക്ത ഡയറി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠ പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ സാധ്യതകൾ ഉണ്ടാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉണ്ടാക്കിയിട്ടുണ്ട്.